I ഇ.ബി. XIV - കേരള നിയമസഭ /V-14

# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മേയ് 16, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**I തിരുത്തിയ ഉത്തരം**

12-5-2017-ലെ നക്ഷത്രചിഹ്നമിട്ട 366-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ 12-5-2017-ന് നൽകിയ നക്ഷത്രചിഹ്നമിട്ട 366-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് പട്ടികജാതി പട്ടികവർഗ്ഗ

പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II അടിയന്തരപ്രമേയം

### ഫീസ് വർദ്ധനവ്

മി. സ്പീക്കർ : സ്വാശ്രയ മെഡിക്കൽ കോളേജുകളിലെയും ഡെന്റൽ കോളേജുകളിലെയും പി.ജി., ഡിഗ്രി, ഡിപ്ലോമ, ഡെന്റൽ കോഴ്സുകൾക്ക് മുൻ വർഷത്തെ അപേക്ഷിച്ച് ഇരട്ടിയോളം ഫീസ് വർദ്ധന വരുത്താൻ മാനേജ്മെന്റുകൾക്ക് അവസരം നൽകിയതുവഴി പാവപ്പെട്ട വിദ്യാർത്ഥികൾക്ക് മെഡിക്കൽ ഉപരിപഠനം അസാദ്ധ്യമാകുമെന്ന ആശങ്കമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ടി. ബൽറാം, കെ. എം. ഷാജി, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സ്വാശ്രയ കോളേജുകളിലെ പ്രവേശനവും ഫീസും സംബന്ധിച്ച് സുപ്രീം കോടതി വിധിയുടെയും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ റെഗുലേഷന്റെയും അടിസ്ഥാനത്തിൽ ഈ വർഷം മുതൽ മുഴുവൻ മെഡിക്കൽ സീറ്റുകളിലേയ്ക്കുമുള്ള പ്രവേശനം 'നീറ്റ് '-ൽ നിന്നുമാണ് നടത്തുന്നത്. അതിൽ മെരിറ്റ്/മാനേജ്മെന്റ്

എന്നിങ്ങനെയുള്ള വേർതിരിവ് സാധ്യമല്ല. ഒരേ മെരിറ്റ് ലിസ്റ്റിൽ നിന്നും പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് രണ്ടുതരം ഫീസ് ഈടാക്കാൻ സാധിക്കാത്തതിനാലാണ് ഏകീകൃത ഫീസ് നിശ്ചയിക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചത്. മാനേജ്മെന്റ് സ്ഥാപനങ്ങളുടെ പ്രവേശന നടപടികൾ നിശ്ചയിക്കുന്നതിന് ഗവൺമെന്റ് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പി.ജി. മെഡിക്കൽ സീറ്റുകളുടെ കാര്യത്തിൽ സ്വാശ്രയ മാനേജുമെന്റുകളുമായി ചർച്ച നടത്തുകയും ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഏകീകൃത ഫീസ് അംഗീകരിക്കാൻ തയ്യാറായ ക്രിസ്ത്യൻ മാനേജ്മെന്റുകളുമായി ധാരണയുണ്ടാക്കുകയും ചെയ്തു. സ്റ്റൈപ്പന്റിലുണ്ടായ വർദ്ധനവും മറ്റും പരിഗണിച്ച് പി.ജി. കോഴ്സുകളുടെ കാര്യത്തിൽ മെരിറ്റ്/മാനേജ്മെന്റ് സീറ്റുകളിൽ 14 ലക്ഷം രൂപയായും നോൺ ക്ലിനിക്കൽ വിഭാഗത്തിന് 8.5 ലക്ഷം രൂപയായും ഫീസ് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ മറ്റ് മാനേജ്മെന്റുകൾ ഇത് അംഗീകരിക്കാതെ വർദ്ധിച്ച ഫീസ് നിരക്ക് ആവശ്യപ്പെട്ടിരിക്കുകയാണ്.

<u>ശ്രീ. വി. ടി. ബൽറാം</u> : അധികാരമേറ്റ് ഒരുവർഷം പോലും തികയാത്ത ഈ ഗവൺമെന്റ് മെഡിക്കൽ കോഴ്സുകൾക്ക് രണ്ടാം തവണയും വലിയ തോതിലുള്ള ഫീസ് വർദ്ധനവാണ് വരുത്തിയിരിക്കുന്നത്. ഗവൺമെന്റുമായി യോജിച്ചുപോകുന്ന ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ തീരുമാനപ്രകാരമുള്ള ഫീസ് വർദ്ധനവിന്റെ

ഉത്തരവാദിത്വത്തിൽ നിന്നും സർക്കാരിന് ഒഴിഞ്ഞുമാറാനാവില്ല. സുപ്രീം കോടതിയുടെയും കേന്ദ്ര സർക്കാരിന്റെയും ഇപ്പോഴത്തെ നിലപാടിന്റെ അടിസ്ഥാനത്തിൽ സ്വാശ്രയ പ്രവേശനത്തിൽ സർക്കാരിന് കൃത്യമായി ഇടപെടാനുള്ള അവസരമാണ് കൈവന്നിരിക്കുന്നത്. ഇനി മുതൽ സ്വാശ്രയ കോളേജുകളിലുൾപ്പെടെ നാഷണൽ മെരിറ്റ് ലിസ്റ്റിൽ നിന്നും മെരിറ്റ് അടിസ്ഥാനത്തിൽ മാത്രമേ പ്രവേശനം നടത്താൻ സാധിക്കുകയുള്ളൂ. കൂടാതെ കൗൺസിലിംഗും ഗവൺമെന്റിന്റെ ഉത്തരവാദിത്വത്തിൽത്തന്നെ നടത്തേണ്ടതായിട്ടുണ്ട്. പി.ജി., ക്ലിനിക്കൽ കോഴ്സുകൾക്ക് മെരിറ്റ് സീറ്റിൽ 6.5 ലക്ഷം രൂപയായിരുന്ന ഫീസ് 14 ലക്ഷം രൂപയായും നോൺ ക്ലിനിക്കൽ പി.ജി. കോഴ്സുകൾക്ക് 2.6 ലക്ഷം രൂപയായിരുന്നത് 8.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിരിക്കുകയാണ്. പി.ജി. ഡിപ്ലോമ കോഴ്സുകൾക്ക് 10.5 ലക്ഷം രൂപയായും സൂപ്പർ സ്പെഷ്യാലിറ്റി കോളേജുകളിൽ 18.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. പി.ജി. കോഴ്സ് പൂർത്തിയാക്കുന്നതിന് 42 ലക്ഷം രൂപയാണ് ഒരു കുട്ടി ചെലവഴിക്കേണ്ടിവരുന്നത്. ഡോക്ടറായി സേവനമനുഷ്ഠിക്കുമ്പോൾ ലഭിക്കുന്ന ശമ്പളം വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവിനുപോലും തികയാത്ത അവസ്ഥയാണുള്ളത്. ഇതിലൂടെ ഡോക്ടർമാരുടെ സാമൂഹിക പ്രതിബദ്ധത പൂർണ്ണമായും ഇല്ലാതാകും. സ്റ്റൈപ്പന്റ് വർദ്ധിപ്പിച്ചതുകൊണ്ടാണ് ഫീസ്

വർദ്ധിപ്പിക്കുന്നതെന്ന മന്ത്രിയുടെ വെളിപ്പെടുത്തലിന് യാതൊരു ന്യായീകരണവുമില്ല. ഇടുക്കി മെഡിക്കൽ കോളേജിന് ലഭിക്കേണ്ടിയിരുന്ന 50 സീറ്റും തിരുവനന്തപുരത്തെ പുതിയ മെഡിക്കൽ കോളേജിന് ലഭിക്കേണ്ടിയിരുന്ന 100 സീറ്റും ഈ സർക്കാർ നഷ്ടപ്പെടുത്തിയിരിക്കുകയാണ്. സ്വാശ്രയ മുതലാളിമാരെ സഹായിക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇതിനെതിരെ പ്രതികരിക്കാൻ ഇടതുപക്ഷ യുവജന സംഘടനകൾ തയ്യാറാകണം. പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതിന് ഇതുവരെ സർക്കാരിന് സാധിച്ചിട്ടില്ല. കേരള ചരിത്രത്തിലെ ഏറ്റവും വലിയ ഫീസ് വർദ്ധനവാണ് ഈ സർക്കാർ വിദ്യാർത്ഥികളുടെ മേൽ അടിച്ചേൽപ്പിച്ചിരിക്കുന്നത്. പി.ജി. സീറ്റുകൾക്ക് ഏർപ്പെടുത്തിയ ഫീസ് വർദ്ധനവ് എം.ബി.ബി.എസ്. സീറ്റുകൾക്കും ബാധകമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് മെഡിക്കൽ ഉപരിപഠനം അസാധ്യമാക്കുകയും സാമൂഹ്യനീതി അട്ടിമറിക്കുകയും ചെയ്യുന്ന സർക്കാർ സമീപനം തിരുത്തണം. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സ്വാശ്രയ മാനേജ്മെന്റുകൾക്ക് യഥേഷ്ടം ഫീസ് ഈടാക്കുന്നതിന് അവസരമൊരുക്കിയ മുൻ യു.ഡി.എഫ്. സർക്കാരിന്റെ സമീപനത്തിൽനിന്നും

വ്യത്യസ്തമായി വിദ്യാർത്ഥികൾക്കനുകൂലമായ നിലപാടാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. രാജ്യത്തുടനീളം എല്ലാ കോഴ്സുകൾക്കും നീറ്റ് പൂർണ്ണമായും ബാധകമാക്കിയ പുതിയ സാഹചര്യത്തിൽ പ്രതിപക്ഷത്തിന്റെ അഭിപ്രായംകൂടി കണക്കിലെടുത്ത് സർക്കാർ മുന്നോട്ടുപോകുന്നതാണ്. ഇത്തവണ ക്രോസ് സബ്സിഡി അനുവദിക്കില്ലെന്ന് കോടതി നേരത്തെ വ്യക്തമാക്കിയിട്ടുള്ളതിനാൽ ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് അംഗീകരിക്കുക മാത്രമാണ് സർക്കാരിന് ചെയ്യാൻ കഴിയുന്നത്. സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് പ്രവർത്തിക്കുന്ന ഫീ റെഗുലേറ്ററി കമ്മിറ്റി വ്യക്തമായ മാനദണ്ഡങ്ങളനുസരിച്ചാണ് സ്വാശ്രയ മാനേജ്മെന്റുകൾക്കുള്ള ഫീസ് നിശ്ചയിച്ചിട്ടുള്ളത്. ഫീ റെഗുലേറ്ററി കമ്മിറ്റി തീരുമാനിച്ച ഫീസ് മാത്രമേ ഈടാക്കാൻ പാടുള്ളൂ എന്ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിലുണ്ടായ തീരുമാനം ക്രിസ്ത്യൻ മാനേജ്മെന്റ് അംഗീകരിക്കുകയാണുണ്ടായത്. ഈ തീരുമാനം മറ്റുള്ള മാനേജ്മെന്റുകൾ അംഗീകരിക്കാൻ തയ്യാറാകാത്തതുകൊണ്ട് അവരുമായി ധാരണയായിട്ടില്ല. മാനേജ്മെന്റിന് തോന്നുന്ന രീതിയിൽ ഫീസ് വാങ്ങി മെരിറ്റ് ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കുപോലും സീറ്റ് നല്കുന്ന സമീപനത്തിന് മാറ്റം വന്നിരിക്കുകയാണ്. എം.ബി.ബി.എസ്. അഡ്മിഷൻ അടുത്ത സാഹചര്യത്തിൽ ഫീസ് സംബന്ധിച്ച് മെച്ചപ്പെട്ട നിർദ്ദേശം എന്തെങ്കിലുമുണ്ടെങ്കിൽ അത് ചർച്ച ചെയ്ത്

തീരുമാനിക്കാവുന്നതാണ്. ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസിൽ ഗവൺമെന്റ് ഉറച്ചുനില്ക്കുകയാണ്. അതിൽ അപാകതയുണ്ടെന്ന് കരുതുന്നില്ല. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർക്കാരിന്റെ ഇപ്പോഴത്തെ തീരുമാനം സാധാരണക്കാരായ കുട്ടികളുടെ മെഡിക്കൽ വിദ്യാഭ്യാസത്തെ തകർക്കുന്നതാണ്. ചരിത്രത്തിലാദ്യമായി ഫീസിനത്തിൽ മൂന്നിരട്ടിയോളം വർദ്ധനവാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ക്രിസ്ത്യൻ മാനേജ്മെന്റുകൾ നിശ്ചയിച്ച ഫീസ് ചർച്ചയിലൂടെ അംഗീകരിക്കുകയാണ് ഗവൺമെന്റ് ചെയ്തത്. പരമാവധി ഫീസ് കുറച്ച് പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സാഹചര്യമുണ്ടാക്കുന്നതോടൊപ്പം പി.ജി. പഠനത്തിന് സ്കോളർഷിപ്പ് ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം. ഇക്കാര്യം സ്വാശ്രയ മാനേജ്മെന്റുകളോട് സർക്കാർ ആവശ്യപ്പെടണം. സ്വാശ്രയ മെഡിക്കൽ പി.ജി. മെരിറ്റ് സീറ്റിന്റെ ഫീസ് 14 ലക്ഷം രൂപയായി ഉയർത്തിയ ഈ ഗവൺമെന്റ് എം.ബി.ബി.എസ്. പ്രവേശനത്തിന് എന്തൊക്കെ ചെയ്യുമെന്ന ആശങ്കയിലാണ് കേരളത്തിലെ രക്ഷിതാക്കളും വിദ്യാർത്ഥികളും. സ്വാശ്രയ മാനേജ്മെന്റുകൾക്ക് എന്ത്

തീരുമാനവുമെടുക്കാമെന്ന അവസ്ഥയാണുള്ളത്. ഫീ റെഗുലേറ്ററി കമ്മിറ്റി തീരുമാനിക്കുന്നതിനുമുമ്പ് ക്രിസ്ത്യൻ മാനേജ്മെന്റുകളുമായി ധാരണയുണ്ടാക്കിയതാണ് പ്രശ്നങ്ങൾക്ക് കാരണം. സ്വാശ്രയ മാനേജ്മെന്റുകൾക്ക് കൂടുതൽ ലാഭം കൊയ്യാൻ കഴിയുന്ന രീതിയിലാണ് പുതിയ എഗ്രിമെന്റുണ്ടാക്കിയിരിക്കുന്നത്. വരേണ്യവർഗ്ഗത്തിനുവേണ്ടി മെഡിക്കൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ തീറെഴുതിക്കൊടുക്കുന്ന സർക്കാർ നടപടി അംഗീകരിക്കാൻ കഴിയില്ല.

(സ്വാശ്രയ മെഡിക്കൽ ഫീസ് വർദ്ധന സംബന്ധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## III ശ്രദ്ധക്ഷണിക്കൽ

### കരാർ, താൽക്കാലിക ജീവനക്കാരുടെ പ്രശ്നങ്ങൾ

ശ്രീമതി ഇ. എസ്. ബിജിമോൾ: വിലക്കയറ്റമുൾപ്പെടെയുള്ള ജീവിത സൂചികയുടെ അടിസ്ഥാനത്തിൽ മിനിമം ശമ്പളം 18000 രൂപയാക്കുന്നതിനും സർക്കാർ വകുപ്പുകളിലും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും ക്വട്ടേഷൻ വ്യവസ്ഥയിൽ ജോലികൾ ഔട്ട്സോഴ്സ് ചെയ്യുന്നത് ഒഴിവാക്കുന്നതിനും ലേബർ സപ്ലൈ അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. കരാർ-താൽക്കാലിക

തൊഴിലാളികളെ സ്ഥിരം തൊഴിലാളികളായി നിയമിക്കണമന്ന സുപ്രീം കോടതി വിധി നടപ്പാക്കണം. വെള്ളം, വൈദ്യുതി, വിദ്യാഭ്യാസം, ചികിത്സ, തൊഴിലവസരങ്ങൾ, പാർപ്പിടം, ശുചിത്വം തുടങ്ങിയ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള വികസന നയം സ്വീകരിക്കണം. ദളിത്-ആദിവാസി സമൂഹങ്ങളുടെ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മിനിമം കൂലി ഉറപ്പാക്കുന്നതിനും ക്വട്ടേഷൻ വ്യവസ്ഥകൾ അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): എല്ലാ മേഖലയിലും പണിയെടുക്കുന്ന തൊഴിലാളികളുടെ ജീവിത നിലവാരം കണക്കിലെടുത്ത് നിശ്ചിത വേതനം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കരാർ, താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ നിലവിലുള്ള നിയമനരീതിയുമായി ബന്ധപ്പെടുത്തി നയപരമായ തീരുമാനം ആവശ്യമാണ്. തുല്യജോലിക്ക് തുല്യവേതനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് വസ്തുതകൾ പരിശോധിച്ച് ആവശ്യമായ നിലപാടുകൾ സ്വീകരിക്കുന്നതാണ്. കരാർ, താൽക്കാലിക തൊഴിലാളികളുടെ പ്രശ്നങ്ങൾ ഗൗരവത്തിലെടുത്ത് പരിഹാരം കാണുന്നതിന് ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

(ശ്രീ. എൻ. ഷംസുദ്ദീൻ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ

ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 10.36-ന് നിർത്തിവച്ച സഭ 10.53-ന് പുനരാരംഭിച്ചു.

ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും യു. ഡി. എഫ്. അംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരികെ ഹാജരാകുകയും ചെയ്തു.)

## IV സബ്മിഷൻ

### (1) മൈക്രോഫിനാൻസ് തട്ടിപ്പ്

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: കേരള പിന്നോക്ക വികസന കോർപ്പറേഷനിൽ നിന്നും മൈക്രോഫിനാൻസ് വായ്പയുടെ മറവിൽ സാമ്പത്തിക ക്രമക്കേട് നടത്തിയ എസ്.എൻ.ഡി.പി. ജനറൽ സെക്രട്ടറി ശ്രീ. വെള്ളാപ്പള്ളി നടേശനും കൂട്ടുപ്രതികൾക്കുമെതിരെയുള്ള വിജിലൻസ് കേസ് സ്പെഷ്യൽ ടീമിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മൈക്രോഫിനാൻസ് വായ്പയുടെ മറവിൽ സാമ്പത്തിക ക്രമക്കേട് നടത്തിയ ശ്രീ. വെള്ളാപ്പള്ളി നടേശനും കൂട്ടുപ്രതികൾക്കുമെതിരെ അഴിമതി നിരോധന നിയമവും ഐ.പി.സി. വിവിധ

വകുപ്പുകൾ പ്രകാരവും ചുമത്തിയ വിജിലൻസ് കേസിന്റെ അന്വേഷണം പുരോഗമിച്ചുവരികയാണ്. ഇതിനുപുറമെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത കേസുകളും ക്രൈംബ്രാഞ്ച് അന്വേഷിക്കുകയാണ്. കൊല്ലം ക്രൈംബ്രാഞ്ച് ഇ.ഒ.ഡബ്ല്യു. എസ്.പി.-ക്കാണ് അന്വേഷണച്ചുമതല. സാമ്പത്തിക തട്ടിപ്പുകൾ നടത്തുന്നവർക്കെതിരെ കർശന നിയമനടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

(2) റൂറൽ ഇലക്ട്രോണിക് പാർക്ക്

ശ്രീ. പി. കെ. ബഷീർ: ഏറനാട് മണ്ഡലത്തിലെ അരീക്കോട് റൂറൽ ഇലക്ട്രോണിക് പാർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മലപ്പുറം ജില്ലയിലെ ഏറനാട് മണ്ഡലത്തിലെ അരീക്കോട് വില്ലേജിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനായി 5 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയെങ്കിലും ജനങ്ങളുടെ എതിർപ്പ് കാരണം തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സർക്കാരിന്റെ നയമനുസരിച്ചും ഗ്രാമപ്രദേശങ്ങളിൽ ഐ.ടി. വ്യവസായം വ്യാപിപ്പിക്കുന്നതിനായി റൂറൽ ഇലക്ട്രോണിക് പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച് പരിശോധിച്ചതിനുശേഷം മാത്രമേ സ്ഥാപിക്കുന്ന നടപടിയുമായി മുന്നോട്ടുപോകാനാകൂ. ഇതുമായി ബന്ധപ്പെട്ട

പരിശോധന അടിയന്തരമായി പൂർത്തിയാക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

(3) <u>ഉപ്പള പോലീസ് സ്റ്റേഷൻ</u>

<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u>: മഞ്ചേശ്വരം മണ്ഡലത്തിലെ ഉപ്പള കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): പുതിയതായി ആരംഭിക്കേണ്ട പോലീസ് സ്റ്റേഷനുകൾ സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട കാസർഗോഡ് ജില്ലയിലെ ഉപ്പളയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(4) <u>വായ്പ എടുക്കുന്നതിനുള്ള ബുദ്ധിമുട്ട്</u>

<u>ശ്രീ. യു. ആർ. പ്രദീപ്</u>: തൃശ്ശൂർ ജില്ലയിലെ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ കാണം ആധാരം ജാമ്യമായി സ്വീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): കേരള

സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ വസ്തു/ഉദ്യോഗസ്ഥ ജാമ്യത്തിന്റെ അടിസ്ഥാനത്തിലാണ് വായ്പകൾ നൽകുന്നത്. ജാമ്യവസ്തുവിൽ ഉടമയ്ക്ക് പൂർണ്ണ ജന്മാവകാശമുണ്ടെന്ന് തെളിയിച്ചാൽ മാത്രമേ വായ്പ അനുവദിക്കുകയുള്ളൂ. തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ ജാമ്യമായി സമർപ്പിക്കുന്ന പ്രമാണങ്ങളിൽ ജന്മാവകാശം ലഭിക്കാത്ത കേസുകളിൽ കാണം, വെറുംപാട്ടം അവകാശങ്ങൾ പ്രകാരം വസ്തു കൈവശം വയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടയമില്ലാത്ത പണ്ടാരവക, വെറുംപാട്ടം, പുറംവക ഭൂമി ആധാരങ്ങളിൽ 12 വർഷത്തിലധികം കൈവശമുള്ളതും നികുതി അടയ്ക്കുന്നതും പട്ടയം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുകയും ചെയ്ത കേസുകളിൽ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥലം ജാമ്യമായി സ്വീകരിക്കാമെന്ന് നിയമോപദേശം ലഭിച്ചതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത പ്രമാണങ്ങൾകൂടി ജാമ്യമായി ചില ജില്ലകളിൽ സ്വീകരിക്കുന്നുണ്ട്. തൃശ്ശൂർ ജില്ലയിൽ കാണം ആധാരം ജാമ്യമായി സ്വീകരിക്കാത്തതുസംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കാൻ കോർപ്പറേഷനോട് നിർദ്ദേശിച്ചിട്ടുണ്ട്. 2017 മേയ് 30-ാം തീയതി ചേരുന്ന കോർപ്പറേഷൻ ഡയറക്ടർ ബോർഡ് യോഗത്തിൽ സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും കാണം ഭൂമി ജാമ്യമായി സ്വീകരിക്കുന്നത് സംബന്ധിച്ച് ഏകീകൃത ഉത്തരവിറക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

(5) സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. കെ. ദാസൻ: കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പയ്യോളി നഗരസഭയിൽ കുടിവെള്ളത്തിൽ ഇരുമ്പിന്റെ അംശം കൂടുതലായി കാണുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിനും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പയ്യോളി നഗരസഭയിലെ III, VI, VII വാർഡുകളിൽ കോട്ടയ്ക്കൽ സ്കീമിൽ നിന്നാണ് വെള്ളം എത്തിക്കുന്നത്. നിലവിൽ 3 കുടിവെള്ള പദ്ധതികളാണ് ഇവിടെ പ്രവർത്തിക്കുന്നത്. മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുമായി സമഗ്ര കുടിവെള്ള പദ്ധതി ആവിഷ്കരിക്കുന്നതുസംബന്ധിച്ച പ്രവർത്തനങ്ങൾ കേരള വാട്ടർ അതോറിറ്റിയിൽ പ്രാരംഭഘട്ടത്തിലാണ്.

(6) പുലിമുട്ടുകൾ സ്ഥാപിക്കൽ

ശ്രീ. എം. നൗഷാദ്: നിരന്തരമായ കടൽക്ഷോഭത്തിന്റെ ഫലമായി തീരം നഷ്ടപ്പെടുന്ന ഇരവിപുരം കടൽത്തീരത്ത് പുലിമുട്ട് നിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ഇരവിപുരം കടൽത്തീരത്ത് രൂക്ഷമായ കടൽക്ഷോഭംമൂലം തീരം നഷ്ടമാകുകയും നാശനഷ്ടങ്ങളുണ്ടാകുകയും

ചെയ്യുന്ന സാഹചര്യത്തിൽ CWPRS അധികൃതർ സ്ഥലം സന്ദർശിച്ച് പുലിമുട്ടിന്റെ രൂപകല്പനയ്ക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതുതായി 4 പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഡി.പി.ആർ. ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) കഴിഞ്ഞ സാമ്പത്തികവർഷം സമർപ്പിച്ചിരുന്നു. നടപ്പ് സാമ്പത്തികവർഷം മുൻഗണനാടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ശിപാർശ സമർപ്പിക്കുന്നതിനായി ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(7) റോഡ് നിർമ്മാണം

ശ്രീ. കെ. സി. ജോസഫ്: ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഒടുവള്ളിത്തട്ട് നടുവിൽ കുടിയാൻമല റോഡിന്റെ നിർമ്മാണം കോടതിവിധി പ്രകാരം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഒടുവള്ളിത്തട്ട് നടുവിൽ കുടിയാൻമല റോഡ് സി.ആർ.എഫ്. പദ്ധതിയിൽപ്പെടുത്തി 2016 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ ഉപരിതല ഗതാഗത മന്ത്രാലയത്തിൽനിന്ന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചുവെങ്കിലും തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ 2016 മേയ് 20-നാണ് ടെണ്ടർ ക്ഷണിക്കാൻ സാധിച്ചത്. ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന് ആവശ്യമായ രേഖകൾ ഹാജരാക്കാൻ കഴിയാതിരുന്നതിനാൽ തൊട്ടടുത്ത തുക ക്വാട്ട് ചെയ്ത കരാറുകാരന്റെ

ടെണ്ടർ പരിഗണിക്കാൻ ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്തെങ്കിലും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരൻ ഇതിനെതിരായി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും പ്രസ്തുത ടെണ്ടർ നടപടികൾ സ്റ്റേ ചെയ്തിരിക്കുകയുമാണ്. ഇതുസംബന്ധിച്ചുള്ള കോടതി വിധി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(8) കളിസ്ഥലവും സ്റ്റേജും നിർമ്മിക്കൽ

ശ്രീമതി ഗീതാ ഗോപി: നാട്ടിക ഫിഷറീസ് സ്കൂളിന് കളിസ്ഥലവും സ്റ്റേജും നിർമ്മിക്കുന്നതിന് ആസ്തി വികസന ഫണ്ടിൽ നിന്ന് തുക അനുവദിക്കുന്നതിനും പ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): നാട്ടിക ഫിഷറീസ് സ്കൂളിന് കളിസ്ഥലവും സ്റ്റേജും നിർമ്മിക്കുന്നതിന് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് ഒരു കോടി രൂപ സാങ്ഷൻ ചെയ്തിരുന്നു. ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം എസ്റ്റിമേറ്റ് എടുത്തുതുടങ്ങിയപ്പോൾ തൃശ്ശൂർ പൊതുമരാമത്ത് ബിൽഡിംഗ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രസ്തുത വർക്ക് ചെയ്യാമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടികൾ മുന്നോട്ടുപോയി. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് ലഭ്യമായ പണം ഇപ്പോൾ

നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾക്കാണ് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. ഈ വിഷയം സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് അടിയന്തരമായി പരിഹാരം കാണുന്നതാണ്.

(9) കോന്നി ബൈപ്പാസ് നിർമ്മാണം

ശ്രീ. അടൂർ പ്രകാശ്: സർവ്വേ നടപടികൾ പൂർത്തീകരിച്ച് ഡി.പി.ആർ. തയ്യാറാക്കി ടെണ്ടർ നടപടികൾ ആരംഭിച്ച കോന്നി ബൈപ്പാസ് നിർമ്മാണത്തിന് 2018-19 ബഡ്ജറ്റിൽ ആവശ്യമായ തുക വകകൊള്ളിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കോന്നി ബൈപ്പാസ് നിർമ്മാണത്തിന് 5 കോടി രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പദ്ധതിയുടെ സാമൂഹികാഘാത അനുമാന പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടിക്കായി 5 കോടി രൂപയും പുതിയ റോഡിന്റെ നിർമ്മാണത്തിന് 25 കോടി രൂപയും ആവശ്യമായ സാഹചര്യത്തിൽ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പണം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(10) കെ.എസ്.ടി.പി. റോഡ് നവീകരണം

ശ്രീ. മോൻസ് ജോസഫ്: ഏറ്റുമാനൂർ പട്ടിത്താനം മുതൽ കൂത്താട്ടുകുളം വരെയുള്ള റീച്ചിൽ പൂർത്തിയായ കെ.എസ്.ടി.പി. റോഡിൽ അപകടങ്ങൾ വർദ്ധിക്കുന്നതിനാൽ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് സത്വര നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കെ.എസ്.ടി.പി. നിർമ്മാണം നടത്തിവരുന്ന ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡിലെ പട്ടിത്താനം മുതൽ കൂത്താട്ടുകുളം വരെയുള്ള ഭാഗത്തെ പ്രവൃത്തികൾ അതിവേഗം പുരോഗമിക്കുകയാണ്. പട്ടിത്താനം ജംഗ്ഷനിൽ സിഗ്നൽ സ്ഥാപിക്കുന്നതിനും ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട നടപടികളും പുരോഗമിക്കുന്നുണ്ട്. അത് പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. സ്പീഡ് നിയന്ത്രിക്കാനുള്ള ക്രമീകരണവും ബ്ലിങ്കിംഗ് ലൈറ്റുകളും സൈൻ ബോർഡും സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചു. റോഡ് സുരക്ഷാമാനദണ്ഡങ്ങൾ ക്കനുസൃതമായി മീഡിയനുകൾ സ്ഥാപിക്കുന്നതാണ്. സുരക്ഷാക്രമീകരണങ്ങളെല്ലാം പ്രസ്തുത പ്രദേശത്ത് പൂർത്തീകരിക്കുന്നതാണ്. ഒരു മാസത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## V ധനകാര്യം

## 2017-2018 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ IX - വാഹന നികുതികൾ (108,57,53,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം (391,23,49,000 രൂപ)

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXVII - സഹകരണം (360,77,37,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLII - വിനോദസഞ്ചാരം (336,18,86,000 രൂപ)

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയേയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയേയും

സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

ശ്രീ. ജോർജ് എം. തോമസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ടൂറിസം മേഖലയിൽ കേരളത്തിന്റെ സവിശേഷതകളും പ്രത്യേകതകളും കണക്കിലെടുത്തുകൊണ്ട് നടപ്പാക്കുന്ന തലശ്ശേരി, ആലപ്പുഴ മേഖലകളെ ഉൾപ്പെടുത്തിയുള്ള പൈതൃക ടൂറിസം പദ്ധതിയും പൊതുജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഗ്രീൻ ടൂറിസം പദ്ധതിയും ചെറുകിട ഡെസ്റ്റിനേഷനുകളിലെ ടൂറിസം വികസന പദ്ധതികളും അഭിനന്ദനാർഹമാണ്. ടൂറിസം മാർക്കറ്റിംഗ് രംഗത്തെ പോരായ്മകൾ പരിഹരിക്കപ്പെടണം. ടൂറിസം സാദ്ധ്യതകൾ കണക്കിലെടുത്ത് കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴിയിലെ ഹൈഡൽ ടൂറിസം പ്രോജക്ടിനും ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി ടണൽ റോഡ് പൂർത്തിയാക്കുന്നതിനും വെള്ളരിമലയെ ട്രക്കിംഗ് ഉൾപ്പെടെയുള്ള അഡ്വഞ്ചർ ടൂറിസ്റ്റ് ഡെസ്റ്റിനേഷനാക്കി മാറ്റുന്നതിനും കോടഞ്ചേരിയെ അഡ്വഞ്ചർ വാട്ടർ സ്പോട്ട് എന്ന നിലയിൽ വികസിപ്പിക്കുന്നതിനുമുള്ള അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കണം. ടൂറിസ്റ്റുകൾക്ക് ഹോംസ്റ്റേ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കണം. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സ്വീകരിച്ച അശാസ്ത്രീയമായ മദ്യനയം

ടൂറിസ്റ്റുകളുടെ വരവിനെയും സമ്പദ്ഘടനയെയും പ്രതികൂലമായി ബാധിച്ചിട്ടുള്ളതിനാൽ അത് തിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിന്റെ ഭാഗമായി ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നൽകി ബസ് ടയറുകളുടെ ലൈഫ് വർദ്ധിപ്പിക്കാനും ഫ്യുവൽ മൈലേജ് കൂട്ടാനും സ്വീകരിച്ച നടപടിയും ലാഭകരമായ റൂട്ടുകളിൽ ട്രിപ്പുകൾ കേന്ദ്രീകരിക്കാൻ തീരുമാനിച്ചതും പ്രശംസാർഹമാണ്. ഉൾനാടൻ റൂട്ടുകളിൽ ബസ് സൗകര്യം ഏർപ്പെടുത്തുന്നതിനും വാഹന വർദ്ധനവിനനുസരിച്ച് റോഡുകളിലെ സൗകര്യം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. വാഹന അപകടം കുറയ്ക്കുന്നതിനായി കർശനമായ വാഹന പരിശോധന നടത്തണം.

ശ്രീ. റോജി എം. ജോൺ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ കുറേ നാളുകളായി സഞ്ചാരികളുടെ എണ്ണത്തിൽ കുറവ് നേരിടുന്നതിനാൽ ടൂറിസം രംഗം വലിയ പ്രതിസന്ധി നേരിടുകയാണ്. കേരള ടൂറിസം ഫലപ്രദമായി ഉപയോഗിക്കുന്നതിന് അടിസ്ഥാനസൗകര്യങ്ങളായ ശുചിത്വം, താമസം, യാത്രാ സൗകര്യം എന്നിവ വികസിപ്പിക്കേണ്ടതുണ്ട്. ടൂറിസ്റ്റുകളോട് അപമര്യാദയായി പെരുമാറുന്നത് നിത്യസംഭവമായിരിക്കുന്നു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പിൽ ഇൻവെസ്റ്റ്മെന്റ് നടത്തി ടൂറിസം പ്രോജക്ടുകൾ

നടപ്പിലാക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കണം. ഇക്കോ അഡ്വഞ്ചർ സെഗ്മെന്റിൽ ടെന്റിനും ക്യാമ്പിംഗിനും ബൈക്കിംഗ്, ട്രെക്കിംഗ് എന്നിവയ്ക്കുമുള്ള സംവിധാനങ്ങൾ ഒരുക്കി ചെറുപ്പക്കാരായ ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിക്കണം. പിൽഗ്രിം ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ടൂറിസം സർക്യൂട്ട് പദ്ധതികൾ നടപ്പാക്കാനുള്ള ഫലപ്രദമായ സർക്കാർ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. കേരളത്തിലെ സഹകരണമേഖലയിൽ ത്രീ ടയർ സംവിധാനം നിലനിർത്തുന്നതിനും സഹകരണ മേഖലയെ തകർക്കുന്ന നടപടികളിൽ നിന്ന് പിൻമാറുന്നതിനും സർക്കാർ തയ്യാറാകണം.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 1914-ൽ രൂപീകൃതമായ തിരുവനന്തപുരം സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഇന്നത്തെ ആകെ നിക്ഷേപമായ 40,000 കോടി രൂപയിൽ 75 ശതമാനം വായ്പയായി നൽകാൻ കഴിയുന്നുവെന്നത് അഭിമാനാർഹമായ കാര്യമാണ്. സേവന മേഖലയിലും തൊഴിൽ മേഖലയിലും പ്രധാനപ്പെട്ട ഉത്തരവാദിത്വമുള്ള ഒരു ലക്ഷം പേർക്ക് നേരിട്ടും അതിൽ കൂടുതൽ പേർക്ക് തൊഴിൽ നൽകുന്ന സംസ്ഥാനത്തെ സഹകരണ മേഖലയെ തകർക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ മേഖലയെ പുഷ്ടിപ്പെടുത്താൻ 2016-17 ബഡ്ജറ്റിൽ മൊത്തം അടങ്കൽ തുകയായി 124 കോടി രൂപ മാറ്റി വയ്ക്കുകയും

പ്രാഥമിക സഹകരണ സംഘങ്ങളുടെ സമഗ്ര പുനരുദ്ധാരണ സ്കീമിന്റെ ഭാഗമായി പരമ്പരാഗത വ്യവസായ സഹകരണ സ്ഥാപനങ്ങളുടെ കടങ്ങൾ സർക്കാർ ഷെയറാക്കി മാറ്റുകയും പലിശ പൂർണ്ണമായും എഴുതിത്തള്ളുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ വലിയ സാമ്പത്തിക അടിത്തറ സൃഷ്ടിക്കാൻ സാധിക്കുന്ന വിധത്തിൽ കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് നടത്തുന്ന ഊർജ്ജിത ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. വിലക്കയറ്റം നിയന്ത്രിക്കാൻ അരിക്കടകളും കൂടുതൽ നീതി സ്റ്റോറുകളും ആരംഭിക്കാനുള്ള നടപടിയും കൺസ്യൂമർഫെഡിന്റെ കുടിശ്ശിക ഒറ്റത്തവണയായി അടച്ച് തീർത്തതും പ്രശംസനീയമാണ്. പഠനോപകരണങ്ങൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നതിന് സ്റ്റുഡന്റ്സ് മാർക്കറ്റുകൾ, പ്രാഥമിക സംഘങ്ങളിൽ കോർബാങ്കിംഗ് ഏർപ്പെടുത്താനുള്ള നടപടികൾ, ജപ്തി നടപടികൾക്കേർപ്പെടുത്തിയ മോറട്ടോറിയം, നവകേരളീയം, കുടിശ്ശിക നിവാരണം എന്നിങ്ങനെ നിരവധി പരിപാടികളാണ് സർക്കാർ നടപ്പാക്കിയത്. കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിന്റെ ഭാഗമായി നടപ്പാക്കുന്ന പരിഷ്കാരങ്ങൾ ശുഭസൂചകമാണ്. ഉത്തരവാദ ടൂറിസം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ പ്രത്യേക മിഷൻ രൂപീകരിക്കുമെന്നത് പ്രശംസനീയമാണ്. വിവിധ ടൂറിസം പദ്ധതികൾക്കായി 84 കോടി രൂപയുടെ ഭരണാനുമതി നൽകിയതും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഗ്രീൻ കാർപ്പെറ്റ് പദ്ധതിയും പ്ലാസ്റ്റിക് വിമുക്തമാക്കാനുള്ള നടപടികൾ

ആരംഭിച്ചതും എല്ലാ ജില്ലകളിലും അഡ്വഞ്ചർ പാർക്ക് സ്ഥാപിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്തും മലപ്പുറത്തും നിർമ്മാണം പൂർത്തീകരിച്ചതും വലിയ നേട്ടങ്ങളാണ്. ടൂറിസം മേഖലയുടെ ഉന്നമനത്തിനായി വിവിധ പരിപാടികൾ സംസ്ഥാനത്ത് നടപ്പിലാക്കി. നോട്ട് പ്രതിസന്ധിയും ബാർ പൂട്ടലും ടൂറിസം മേഖലയെ തളർത്തിയെങ്കിലും സർക്കാരിന്റെ നൂതനവും അവസരോചിതവുമായ ഇടപെടലുകൾ വിനോദസഞ്ചാര രംഗത്ത് ഉണർവ്വുണ്ടാക്കിയിട്ടുണ്ട്. വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം.

ശ്രീ. പി. കെ. അബ്ദു റബ്ബ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗതാഗത വകുപ്പിൽ ഒരു മാറ്റവും ഉണ്ടായിട്ടില്ല. ഒരു വർഷംകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. കുത്തഴിഞ്ഞ മാനേജ്മെന്റ് സംവിധാനം, ധൂർത്ത്, പാഴ്ചെലവ്, ലാഭകരമല്ലാത്ത ഷെഡ്യൂളുകൾ പുന:ക്രമീകരിക്കാത്തത്, രാഷ്ട്രീയ താൽപ്പര്യങ്ങൾ എന്നിവയാണ് കെ.എസ്.ആർ.ടി.സി.-യെ ജീർണ്ണതയിലേയ്ക്ക് നയിക്കുന്നത്. മാനേജ്മെന്റിന്റെയും ജീവനക്കാരുടെയും മനോഭാവത്തിൽ മാറ്റമുണ്ടായില്ലെങ്കിൽ കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാൻ കഴിയില്ല. വരുമാന ചോർച്ചയ്ക്ക് കാരണമാകുന്ന ഘടകങ്ങൾ പരിശോധിച്ച് പരിഹരിക്കണം. കെ.എസ്.ആർ.ടി.സി. നടപ്പിലാക്കുന്ന പരിഷ്കരണ നടപടികളൊന്നും

ഫലപ്രാപ്തിയിൽ എത്തുന്നില്ല. ചാർജ്ജ് വർദ്ധനവുമൂലം പ്രതിദിന വരുമാനം കുറഞ്ഞിരിക്കുകയാണ്. ലാഭകരമായ ഷെഡ്യൂളുകൾ പുന:ക്രമീകരിക്കുന്നതിന് നേതൃത്വം നൽകുന്ന ജീവനക്കാരെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സ്ഥലം മാറ്റുന്ന നടപടിയാണ് മാനേജ്മെന്റ് സ്വീകരിക്കുന്നത്. കെ.യു.ആർ.ഡി.എഫ്.സി.-യുടെ 76 എ.സി. ലോ ഫ്ലോർ ബസ്സുകൾ പ്രവർത്തനരഹിതമാണ്. സ്ത്രീ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങിയ രണ്ട് പിങ്ക് ബസ്സുകൾ തുടക്കത്തിൽത്തന്നെ നിർത്തലാക്കി. മാനേജ്മെന്റിന്റെ പിടിപ്പുകേടുകൊണ്ട് സിൽവർ ജെറ്റ് ബസ്സുകൾ നിർത്തലാക്കുകയും അറ്റകുറ്റപ്പണികൾ നടക്കാത്തതുകൊണ്ട് 18 ഹൈടെക് ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ ഉപയോഗശൂന്യമാകുകയും ചെയ്തിരിക്കുകയാണ്. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ടൂറിസം കേന്ദ്രങ്ങളുടെ പൊതുനിലവാരം മെച്ചപ്പെടുത്താൻ സർക്കാർ തുടക്കമിട്ട ഗ്രീൻ കാർപ്പെറ്റ് പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി ഈ ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. മാലിന്യ കൂമ്പാരവും തെരുവുനായ്ക്കളുടെ ആക്രമണവും കേരളത്തിലെത്തുന്ന ടൂറിസ്റ്റുകളെ വളരെയേറെ പ്രയാസപ്പെടുത്തുന്നുണ്ട്. ലക്ഷക്കണക്കിന് വരുമാനമുണ്ടാക്കിത്തരുന്ന ടൂറിസം മേഖല കേരളത്തിന്റെ മുൻഗണനാ ലിസ്റ്റിൽപ്പെട്ടിട്ടില്ല. വനം-ടൂറിസം വകുപ്പുകൾ തമ്മിൽ

ഏകോപനമില്ലാത്തതിനാൽ തേക്കടിയിൽ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വൻകുറവുണ്ടായിട്ടുണ്ട്. സഹകരണ മേഖലയെ തകർക്കുന്നതിനുള്ള ശ്രമമാണ് കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാന സർക്കാർ നന്നായി പ്രവർത്തിച്ചുവന്നിരുന്ന 14 ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളെ അസാധുവാക്കി. പൊതുമരാമത്ത് വകുപ്പിലും തദ്ദേശസ്വയംഭരണ വകുപ്പിലും ടെണ്ടർ നടപടികളിൽ സഹകരണ ബാങ്കുകളുടെ സ്ഥിരനിക്ഷേപം സ്വീകരിക്കാത്ത നിലപാടിനോട് യോജിക്കാൻ കഴിയില്ല. സഹകരണ മേഖലയിൽ കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിലുണ്ടായ കാലതാമസവും കാർഷിക വായ്പാ വിതരണം തടസ്സപ്പെടുന്നതും സഹകരണ മേഖലയെ വീണ്ടും തകർച്ചയിലേയ്ക്ക് നയിക്കുകയാണ്. സഹകരണ അപ്പെക്സ് സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നത് അട്ടിമറിക്കപ്പെട്ടതിലൂടെ അഴിമതിയും സ്വജന പക്ഷപാതവും തുടരുകയാണ്. സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തിക്കൊണ്ട് മാത്രമേ പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുകയുള്ളൂ.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സഹകരണ മേഖലയെ തകർക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കത്തെ വളരെ ജാഗ്രതയോടുകൂടി കാണണം. സഹകരണ മേഖലയിൽ ടു ടയർ സംവിധാനമാണോ

ത്രീ ടയർ സംവിധാനമാണോ വേണ്ടതെന്ന് തീരുമാനിക്കുന്നത് സംസ്ഥാന ഗവൺമെന്റാണ്. സംസ്ഥാനത്തെ സഹകരണ മേഖലയിലുള്ള 1,50,000 കോടി രൂപയുടെ ഡെപ്പോസിറ്റ് മറ്റ് ബാങ്കുകളിലേയ്ക്ക് മാറ്റാനും പിന്നീട് പ്രൈവറ്റ് ബാങ്കാക്കാനുമുള്ള ശ്രമമാണ് നടക്കുന്നത്. ജില്ലാ സഹകരണ ബാങ്കുകളുടെ 70 ശതമാനം നിക്ഷേപവും പ്രൈമറി സഹകരണ ബാങ്കുകളുടെ നിക്ഷേപമാണ്. പ്രൈമറി സംഘങ്ങൾ കുറഞ്ഞ പലിശ നിരക്കിൽ ഡെപ്പോസിറ്റുണ്ടാക്കിയാൽ മാത്രമേ കേരള സഹകരണ ബാങ്കിൽ നിക്ഷേപിക്കാൻ സാധിക്കുകയുള്ളൂ. ഈ നേട്ടം സഹകരണ സംഘങ്ങൾക്കുണ്ടാകണമെങ്കിൽ കറന്റ് ഡെപ്പോസിറ്റുകൾക്ക് വൈവിധ്യമാർന്ന സേവനങ്ങൾ കാലതാമസം വരുത്താതെ ലഭ്യമാക്കാൻ ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി. സൗകര്യങ്ങളുണ്ടാകണം. പ്രാഥമിക സംഘങ്ങളിലെ കറന്റ് അക്കൗണ്ടുകളിൽ 24 മണിക്കൂറും പണം പിൻവലിക്കാനുള്ള സൗകര്യമുണ്ടാകണം. കേരള ബാങ്കിന്റെ എ.ടി.എം.-കളിൽ പ്രൈമറി സംഘങ്ങളുടെ പണമുപയോഗിക്കാൻ സാധിക്കുമോയെന്നത് പരിശോധിക്കണം. ജില്ലാ സഹകരണ ബാങ്കുകൾക്കും പ്രാഥമിക സംഘങ്ങൾക്കും നബാർഡ് നേരിട്ട് നൽകുന്ന പുനർവായ്പ സാങ്കേതികമായി നഷ്ടം വന്നാൽ നിർത്തലാക്കുമോയെന്നത് ഗൗരവമായി ആലോചിക്കണം. ഒരു കുടുംബത്തിൽ ഒന്നിൽ കൂടുതൽ വാഹനങ്ങൾ വാങ്ങുന്നതിനും വലിയ വീടുകൾ നിർമ്മിക്കുന്നതിനും നിയന്ത്രണമേർപ്പെടുത്തണം. പൊതുഗതാഗത

സംവിധാനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. വി. ജോയി : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സാമൂഹ്യപുരോഗതിക്ക് സഹകരണ മേഖല നിർണ്ണായകമായ പങ്കാണ് വഹിച്ചിട്ടുള്ളത്. ആധുനിക സംവിധാനങ്ങളോടുകൂടിയ പതിനേഴോളം ആശുപത്രികൾ സംസ്ഥാനത്ത് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. സഹകരണ മേഖലയുടെ പങ്കാളിത്തത്തോടെ കേരള ബാങ്ക് ആരംഭിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. സഹകരണ മേഖലയിൽ നിലനിൽക്കുന്ന അഴിമതി ഇല്ലാതാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ടൂറിസവുമായി ബന്ധപ്പെട്ട് ഗ്രീൻ കാർപ്പെറ്റ് പദ്ധതി നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ നടത്തിപ്പിൽ നേരിട്ട് ഇടപെടൽ നടത്തുന്നതിനായി എം.എൽ.എ.-മാരുടെ മേൽനോട്ടത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കണം. കഠിനംകുളം-അകത്തുമുറി ബാക്ക്‌വാട്ടർ സർക്യൂട്ട് കാപ്പിൽ വരെ നീട്ടുന്നതിന് നടപടി സ്വീകരിക്കണം. നൂറ് കോടി രൂപ മുതൽ മുടക്കിൽ ചടയമംഗലം-ജഡായുപാറ ടൂറിസം പദ്ധതിയുടെ നിർമ്മാണം പുരോഗമിക്കുകയാണ്. ഗ്രാമപ്രദേശങ്ങളിൽ ചെറിയ കെ.എസ്.ആർ.ടി.സി. ബസുകൾ സർവ്വീസ് നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഡോ. എൻ. ജയരാജ്: ലോ ഫ്ളോർ ബസ്സുകളിൽ യാത്രക്കാരുടെ

താല്പര്യമനുസരിച്ച് സീറ്റ് സംവിധാനം പരിഷ്കരിക്കുന്നതിനും ഗ്രാമപ്രദേശങ്ങളിൽ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിന് മിനിബസ് സർവ്വീസ് ഏർപ്പെടുത്തുന്നതിനും നടപടിയുണ്ടാകണം. പൊൻകുന്നം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനും കൂടുതൽ സർവ്വീസുകൾ ഏർപ്പെടുത്തുന്നതിനും സർക്കാർ മുൻകയ്യെടുക്കണം. ഭിന്നശേഷിക്കാർക്കുകൂടി സൗകര്യപ്രദമാകുന്ന നിലയിൽ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തിലൂടെ ഫാം ടൂറിസമടക്കമുള്ള പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിനും ശ്രമമുണ്ടാകണം.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സർക്കാരിന്റെ നേട്ടങ്ങളെ തമസ്കരിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. സഹകരണം, ടൂറിസം മേഖലകളിൽ ശ്രദ്ധേയമായ മാറ്റങ്ങൾ കൊണ്ടുവരാൻ ഈ സർക്കാരിന് കഴിഞ്ഞു. കേന്ദ്ര സർക്കാരിന്റെ നോട്ട് പിൻവലിക്കലും മദ്യശാലകളുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധിയും ഈ മേഖലകളിൽ പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. സംസ്ഥാനത്തിന്റെ ജീവനാഡിയായ സഹകരണ പ്രസ്ഥാനങ്ങളെ തകർക്കുന്ന കേന്ദ്ര സർക്കാർ സമീപനത്തിനെതിരെ ശക്തമായ എതിർപ്പ് സർക്കാർ പ്രകടിപ്പിച്ചിട്ടുണ്ട്. സഹകരണ മേഖലയുടെ ഇടപെടലിലൂടെ

സംസ്ഥാനത്ത് അരിവില നിയന്ത്രിക്കാനും കൺസ്യൂമർഫെഡിനെ ലാഭകരമാക്കാനും പുതിയ നീതി സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും സ്റ്റുഡന്റ്സ് മാർക്കറ്റുകളും ആരംഭിക്കാൻ കഴിഞ്ഞിട്ടുള്ളതും അഭിനന്ദനാർഹമാണ്. സംസ്ഥാനത്തിന്റെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനുള്ള സർക്കാർ നടപടികൾ സ്വാഗതാർഹമാണ്. ടൂറിസം മേഖലയുടെ പുരോഗതിക്കാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിന് ഹിഡൻ ക്യാമറകൾ സ്ഥാപിക്കുന്നതിനും അടിസ്ഥാന ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കുന്നതിനുള്ള സർക്കാർ നടപടികൾ സ്വാഗതാർഹമാണ്.

<u>ശ്രീ. പി. സി. ജോർജ്</u> : കെ.എസ്.ആർ.ടി.സി.-യുടെ എഞ്ചിനീയറിംഗ് വിഭാഗം ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. കേരളത്തിലെ സഹകരണ മേഖലയെ തകർക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ ഗൂഢനീക്കത്തെ ചെറുത്തു തോൽപ്പിക്കണം. കേന്ദ്ര ഗവൺമെന്റിന്റെയും റിസർവ് ബാങ്കിന്റെയും നയത്തിനെതിരെ വിട്ടുവീഴ്ചയില്ലാത്ത നടപടിയുമായി മുന്നോട്ടുപോകണം.

<u>ശ്രീ. ബി. ഡി. ദേവസ്സി</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ 3000 കോടി

രൂപ വകയിരുത്തിയിട്ടുള്ളത് സ്വാഗതാർഹമാണ്. ബസ് റൂട്ടുകൾ ശാസ്ത്രീയമായ രീതിയിൽ പുന:സംവിധാനം ചെയ്യുന്നതിനും മെറ്റീരിയൽ മാനേജ്മെന്റ് കാര്യക്ഷമമാക്കാനുമുള്ള നടപടി സ്വീകരിക്കണം. അന്തർ സംസ്ഥാന സർവ്വീസ് രംഗം ശക്തിപ്പെടുത്തുന്നതിനും ഇത്തരം സർവ്വീസുകളുടെ റിസർവേഷൻ കോർപ്പറേഷൻ നേരിട്ട് ഏറ്റെടുക്കാനും നടപടി സ്വീകരിക്കണം. ഷെഡ്യൂളുകൾ പരിഷ്കരിക്കുന്നതിനും പുതുക്കി നിശ്ചയിക്കുന്നതിനുമുള്ള അധികാരം സോണൽ ഓഫീസർക്ക് നൽകണം. യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഇൻസ്പെക്ഷൻ വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. കേന്ദ്ര ഗവൺമെന്റ് പുതിയ മോട്ടോർ വാഹന നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. ഷെഡ്യൂളിൽ മാറ്റം വരുത്തി സർവ്വീസ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. ഷെഡ്യൂളുകളുടെ മാറ്റം കൊണ്ടുണ്ടായ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്യണം. വർക്ക്ഷോപ്പുകൾ കൂടുതൽ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. പെൻഷൻ വിതരണത്തിനായി നൽകുന്ന സർക്കാർ വിഹിതം കെ.എസ്.ആർ.ടി.സി. വകമാറ്റി ചെലവഴിക്കുന്ന രീതി ഒഴിവാക്കണം. ലാഭകരമായി സർവ്വീസ് നടത്തിയിരുന്ന അതിരപ്പിള്ളി-മലക്കപ്പാറ-പൊള്ളാച്ചി സർവ്വീസ് പുനരാരംഭിക്കണം. അടിസ്ഥാന സൗകര്യ വികസനത്തിനും ഉത്തരവാദിത്ത ടൂറിസത്തിനും മുൻഗണന

നല്കുന്ന ടൂറിസം നയമാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ജില്ലാ പ്രൊമോഷൻ കൗൺസിലുകളുടെയും DTPC-കളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. വിദേശ/ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള പരിശ്രമങ്ങൾ സ്വാഗതാർഹമാണ്. സഹകരണ മേഖലയെ ജനകീയമായി നിലനിർത്തുന്നതിനുവേണ്ടി ഒട്ടനവധി പദ്ധതികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. കൺസ്യൂമർഫെഡിനെ ലാഭത്തിലെത്തിക്കാൻ കഴിഞ്ഞ ഗവൺമെന്റാണിത്. അഴിമതിക്കെതിരെ ശക്തമായ നടപടികളുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

ശ്രീ. അനിൽ അക്കര : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സഹകരണ മേഖല അഴിമതിയുടെയും ഏകാധിപത്യത്തിന്റെയും കേന്ദ്രമായി മാറിക്കൊണ്ടിരിക്കുകയാണ്. അടാട്ട് ഫാർമേഴ്സ് ബാങ്കുമായി ബന്ധപ്പെട്ട അഴിമതി ആരോപണത്തെക്കുറിച്ച് അന്വേഷിക്കുകയും 50 കോടി രൂപയുടെ ക്രമക്കേട് നടത്തിയ കൺസ്യൂമർഫെഡിനെതിരെ നടപടി സ്വീകരിക്കുകയും വേണം. കടകംപള്ളി സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന കോടിക്കണക്കിന് രൂപയുടെ ക്രമക്കേടുകളെക്കുറിച്ചും ബാങ്ക് മാനേജരുടെ മരണത്തെ സംബന്ധിച്ചും

അന്വേഷിക്കണം.

ശ്രീ. മുല്ലക്കര രത്നാകരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരള ബാങ്ക് രൂപീകരിച്ച് ജനപക്ഷ പണമിടപാട് സംവിധാനമാക്കി സഹകരണ മേഖലയെ മാറ്റാനുള്ള ശ്രമങ്ങളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. കെ.എസ്.ആർ.ടി.സി.-യെ ഒരു വർഷംകൊണ്ട് ലാഭകരമാക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ കൃത്യമായി കൊടുക്കുന്നതിന് സ്ഥിരം സാമ്പത്തിക സംവിധാനം ഏർപ്പെടുത്തണം. ജഡായുമംഗലം ടൂറിസം പദ്ധതി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. കേരളത്തിന്റെ ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കണം.

ശ്രീ. അബ്ദുൽ ഹമീദ്. പി.: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. രാജ്യത്തിന് മാതൃകയായ കേരളത്തിലെ സഹകരണ പ്രസ്ഥാനം സമസ്ത മേഖലകളിലേയ്ക്കും വ്യാപിച്ചിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റും റിസർവ് ബാങ്കും സഹകരണ പ്രസ്ഥാനത്തെ തകർക്കുന്നതിനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ സഹകാരികൾ കക്ഷിരാഷ്ട്രീയത്തിനതീതമായി പ്രവർത്തിച്ചതിനാൽ ഡീമോണിറ്റൈസേഷന്റെ ഭാഗമായി സഹകരണ മേഖലയിലുണ്ടായ പ്രതിസന്ധികളെ അതിജീവിക്കാൻ സാധിച്ചു. സഹകരണ മേഖലയിലെ നിക്ഷേപ

ചോർച്ച തടയുന്നതിന് യുദ്ധകാലാടിസ്ഥാനത്തിലുള്ള ശ്രമങ്ങളുണ്ടാകണം. സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ ബാങ്കുകളുടേയും ഭരണസമിതികൾ പിരിച്ചുവിട്ടുകൊണ്ട് അഡ്മിനിസ്ട്രേറ്റർ ഭരണം നിലവിൽ വരികയും യാതൊരു മാനദണ്ഡവുമില്ലാതെ സഹകരണ മേഖലയിലെ ജീവനക്കാരെ സ്ഥലംമാറ്റുകയും ചെയ്യുകയാണ്. നിർദ്ദിഷ്ട കേരള ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച് വിദഗ്ദ്ധ സമിതി സഹകാരികളിൽനിന്നും അഭിപ്രായങ്ങൾ സമാഹരിച്ച് റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്. പ്രതിപക്ഷത്തെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് ആവശ്യമായ ചർച്ച നടത്തി കേരള ബാങ്ക് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. പൊന്നാനിയിലെ വെളിയങ്കോട് മുതൽ കടലുണ്ടി വരെയുള്ള തീരദേശ മേഖലയിൽ വിനോദസഞ്ചാരത്തിനുള്ള സാധ്യതാ പഠനം നടത്തുന്നതിനും കടലുണ്ടി പക്ഷി സങ്കേതവുമായി ബന്ധപ്പെട്ട പ്രോജക്ട് നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വാഹനാപകടങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് വ്യാപകമായ ബോധവത്കരണം നടത്തുകയും റോഡുകളുടെ അവസ്ഥ മെച്ചപ്പെടുത്തുകയും റോഡ് സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണം. ഗതാഗത മേഖലയിൽ നടക്കുന്ന നിയമലംഘനങ്ങളെ കർശനമായി കൈകാര്യം ചെയ്യണം. വാഹനങ്ങളിൽ

അനധികൃതമായി ചുവപ്പ് ബോർഡ് ഉപയോഗിക്കുന്നത് സംബന്ധിച്ച് പരിശോധിക്കണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-യിലെ കടം വർദ്ധിച്ചത് സംബന്ധിച്ച് പരിശോധിക്കണം. പെൻഷൻ കുടിശ്ശിക നൽകുന്നതിനും കെ.എസ്.ആർ.ടി.സി.-യെ തകർച്ചയിൽനിന്നും രക്ഷപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിന് പ്രൊഫഷണൽ സംവിധാനം കൊണ്ടുവരുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. ടൂറിസം വകുപ്പ് ഗ്രീൻ കാർപ്പെറ്റ് പദ്ധതി, പൈതൃക ടൂറിസം പദ്ധതി, മുസിരിസ് പദ്ധതി എന്നിവ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിനും ഡി.റ്റി.പി.സി. സെക്രട്ടറിമാരുടെ നിയമന നടപടികൾ വേഗത്തിലാക്കുന്നതിനും നടപടി സ്വീകരിക്കണം. കേരളത്തിലെ സഹകരണ മേഖലയെ തകർക്കാനുള്ള കേന്ദ്രത്തിന്റെ ശ്രമങ്ങൾ തടയണം. ഭൂമി പണയംവച്ച് ജില്ലാ ബാങ്കുകളിൽനിന്ന് എടുക്കുന്ന ലോണിന്റെ തിരിച്ചടവ് മുടക്കുമ്പോൾ അത് തിരിച്ചുപിടിക്കുന്നതിനായി സർഫേസി ആക്ട് ഉപയോഗിക്കുന്നത് തടയണം. സഹകരണ മേഖലയിൽ ത്രീ ടയർ സംവിധാനത്തിനുപകരം ടൂ ടയർ സംവിധാനമാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇന്ത്യയിൽ

സഹകരണ ബാങ്കിംഗ് രംഗത്ത് സ്വരൂപിക്കുന്ന നിക്ഷേപത്തിന്റെ 60 ശതമാനത്തോളം കേരളത്തിന്റെ വിഹിതമാണ്. സംസ്ഥാന ജില്ലാ പ്രാഥമിക സഹകരണ ബാങ്കുകളിൽ 3.51 കോടി അക്കൗണ്ടുകളും 1.27 ലക്ഷം കോടി രൂപയുടെ നിക്ഷേപവും ഒരു ലക്ഷം കോടി രൂപയുടെ വായ്പയും നിലവിലുണ്ട്. സഹകരണ പ്രസ്ഥാനത്തെ തകർക്കാനുള്ള കേന്ദ്ര സർക്കാരിന്റെ ശ്രമങ്ങളെ തടയേണ്ടതും സഹകരണ മേഖലയിൽ ത്രിതല സംവിധാനം നിലനിർത്തേണ്ടതും അത്യാവശ്യമാണ്. എസ്.ബി.ഐ.-എസ്.ബി.ടി. ലയനത്തിനെതിരെ ഭരണ-പ്രതിപക്ഷാംഗങ്ങൾ ശക്തമായ പ്രതിഷേധം സഭയിൽ രേഖപ്പെടുത്തിയിരുന്നു. കേരള ബാങ്ക് എന്ന നിലയിൽ സഹകരണ ബാങ്കുകളിൽ നിലവിലുള്ള സംവിധാനത്തെയും വിശ്വാസ്യതയെയും ദുരുപയോഗപ്പെടുത്തുന്നതും സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് രണ്ട് ടേണിൽ കൂടുതൽ അവസരം കൊടുക്കരുതെന്നുള്ള തീരുമാനവും ശരിയായ നടപടിയല്ല. കേരളത്തിന്റെ സഹകരണ മേഖലയിൽ അമേരിക്കൻ മോഡൽ നടപ്പിലാക്കാൻ ശ്രമിക്കുന്നത് വ്യക്തമായ ചില അജണ്ടകളോടുകൂടിയാണ്. ഇഷ്ടക്കാരെ നിയമിക്കുന്നതിനുള്ള നീക്കമായി ഓർഡിനൻസ് ദുരുപയോഗം ചെയ്യപ്പെട്ടുമെന്നതിനാൽ സഹകരണ മേഖലയിലെ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. റബ്കോയ്ക്ക് സഹായം കൊടുക്കാൻ സർക്കാർ തീരുമാനമെടുക്കുമ്പോൾ സഹകരണ മേഖലയ്ക്ക്

അതിന്മേലുണ്ടാകുന്ന ബാധ്യതകൾ പരിശോധിക്കണം. പാലക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പുനർ നിർമ്മാണത്തിനുള്ള സാങ്കേതിക തടസ്സങ്ങൾ നീക്കാനും കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കാനും നടപടി സ്വീകരിക്കണം. കേരളത്തിലെ സ്വാശ്രയ മേഖലയിലെ ഫീസ് ഇരട്ടിയിലധികം വർദ്ധിപ്പിച്ചതിൽ സർക്കാർ പ്രതികരിക്കാതിരുന്നത് ശരിയായ നടപടിയല്ല.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സഹകരണ പ്രസ്ഥാനത്തെ ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക പുരോഗതിക്കായി ഫലപ്രദമായി വിനിയോഗിച്ച സംസ്ഥാനമാണ് കേരളം. കേരള മോഡൽ വികസനത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ പങ്ക് നിസ്തുലമാണ്. എൽ.ഡി.എഫ്. സർക്കാർ എക്കാലവും സഹകരണ പ്രസ്ഥാനത്തെ നവീകരിക്കുകയും ശാക്തീകരിക്കുകയുമാണ് ചെയ്തതെങ്കിൽ യു.ഡി.എഫ്. സർക്കാർ ഇതിനെ ദുർബലപ്പെടുത്തുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. യു.ഡി.എഫ്. നിയന്ത്രണത്തിലുള്ള സഹകരണ ബാങ്കുകളിൽ അഴിമതിയും കെടുകാര്യസ്ഥതയുമാണ് നിലനിൽക്കുന്നത്. സഹകരണ സംഘങ്ങളെ അഴിമതി മുക്തമാക്കാനും വിശ്വാസ്യതയ്ക്ക് കോട്ടം തട്ടാതെ സൂക്ഷിക്കാനുമാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. സഹകരണ നിയമം പരിഷ്കരിക്കുന്നതിനുവേണ്ടിയാണ് സഹകരണ ഓർഡിനൻസ് 2017 കൊണ്ടുവന്നത്. ജില്ലാ ബാങ്കുകളുടെ നിയന്ത്രണാവകാശം,

വോട്ടവകാശം എന്നിവ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും അർബൻ ബാങ്കുകൾക്കുമായി പരിമിതപ്പെടുത്തണമെന്നാണ് ഈ സർക്കാരിന്റെ നയം. ഹ്രസ്വകാല കാർഷിക വായ്പയിലൂടെ സഹകരണ മേഖലയെ ശക്തിപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. 14 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കുകളേയും സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരണം, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ ആധുനികവൽക്കരണം, റുപ്പെ കിസാൻ കാർഡിലധിഷ്ഠിതമായ കാർഷിക വായ്പാ വിതരണം, കൺസ്യൂമർഫെഡ്ഡിന്റെ പുനരുദ്ധാരണം, ക്ഷേമപെൻഷനുകൾ സഹകരണ സംഘങ്ങളിലൂടെ ജനങ്ങളിൽ എത്തിക്കൽ, കുടിശ്ശിക നിവാരണം തുടങ്ങി നിരവധി കാര്യങ്ങൾ ഗവൺമെന്റ് നടപ്പാക്കിയിട്ടുണ്ട്. കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് 21 മാസത്തിനുള്ളിൽ പ്രാവർത്തികമാക്കുന്നതാണ്. കൺസ്യൂമർഫെഡറേഷനെ ഒരു വർഷത്തിനുള്ളിൽ ലാഭകരമാക്കാൻ സാധിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് ഈ അക്കാദമിക് വർഷം ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ സഹായത്തോടെ ആയിരം എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിക്കുന്നതോടൊപ്പം അനെർട്ടിന്റെ സഹായത്തോടെ ഊർജ്ജക്ഷമതയുള്ള അടുപ്പുകളും നിർമ്മിച്ച് നൽകുന്നതാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായ വിപത്തുകൾ നേരിടാൻ ലോകപരിസ്ഥിതി ദിനത്തിൽ

5 ലക്ഷം വൃക്ഷത്തൈകൾ നടുന്നതിന് വകുപ്പ് നേതൃത്വം നൽകുന്നതാണ്. അക്ഷയോർജ്ജ വികസനം വഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ജില്ലാടിസ്ഥാനത്തിൽ അക്ഷയോർജ്ജ വികസന സഹകരണ സംഘങ്ങൾ നടപ്പുസാമ്പത്തികവർഷം അനെർട്ടിന്റെ സഹായത്തോടെ രൂപീകരിക്കുന്നതാണ്. മിസലേനിയസ് സഹകരണ സംഘങ്ങൾക്ക് ഒരു അപ്പെക്സ് സഹകരണസംഘം ഈ വർഷം നടപ്പിലാക്കുന്നതും കൺസ്യൂമർഫെഡറേഷൻ വഴി ഉത്സവാഘോഷങ്ങളിൽ സംസ്ഥാനത്താകെ പ്രത്യേക ആനുകൂല്യങ്ങളോടെ ഓൺലൈൻ വിപണികളും ആരംഭിക്കുന്നതാണ്. കേപ്പിനെ മികവിന്റെ കേന്ദ്രമാക്കുകയും പുന്നപ്ര സാഗര സഹകരണ ആശുപത്രിയെ മികച്ച സൗകര്യമുള്ള ആശുപത്രിയാക്കുന്നതുമാണ്. ആയുർധാരയ്ക്ക് ലഭിച്ച 5 പേറ്റന്റ് മെഡിസിനുകൾ ഈ വർഷം വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിച്ച് വിപണിയിലെത്തിക്കുന്നതാണ്. സഹകരണ ടൂറിസം ഫെഡറേഷന്റെ സഹായത്തോടെ ടൂറിസം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ഈ രംഗത്ത് പുതിയ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നതാണ്. കാലോചിതമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പുതിയ ടൂറിസം നയം പ്രഖ്യാപിക്കുന്നതാണ്. പൈതൃക മന്ദിരങ്ങൾ സംരക്ഷിച്ചുകൊണ്ട് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 9 നദികൾ കേന്ദ്രീകരിച്ച് റിവർ ക്രൂയിസം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതാണ്. ചെറുപ്പക്കാരെ കൂടുതൽ

ആകർഷിക്കുന്നതിന് അഡ്വഞ്ചർ ടൂറിസത്തിന് പ്രാധാന്യം നൽകുന്നതാണ്. ഗുരുവായൂർ പ്രസാദം പദ്ധതി ഉടൻ ആരംഭിക്കുന്നതും പൊതുജന പങ്കാളിത്തത്തോടെ ശുചിത്വം, ജല ലഭ്യത, മാലിന്യ സംസ്കരണം തുടങ്ങിയ വിവിധ പദ്ധതികൾ കിഫ്ബി വഴി നടപ്പാക്കുന്നതുമാണ്. പി.പി.പി. മാതൃകയിൽ നടപ്പാക്കുന്ന എല്ലാ പദ്ധതികളുടെയും പ്രവർത്തനം സമയബന്ധിതമായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പൂർത്തീകരിക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സമിതി രൂപീകരിക്കുന്നതാണ്. ഭാവിയിൽ എല്ലാ ടൂറിസം പദ്ധതികളും ഭിന്നശേഷി സൗഹൃദമാകുന്നതിനും ഫാം ടൂറിസം വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ടൂറിസം പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് എം.എൽ.എ. ചെയർമാനായി ഒരു മോണിറ്ററിംഗ് കമ്മിറ്റിയും ഭരണാനുമതി നൽകുന്ന പദ്ധതികൾ നടപ്പാക്കാൻ ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റിയും രൂപീകരിക്കുന്നതാണ്. മലബാറിലെ നദീതട ടൂറിസം പദ്ധതിയോടൊപ്പം കാലടി-മലയാറ്റൂർ തീർത്ഥാടന ടൂറിസം സർക്യൂട്ട് പദ്ധതിയും അഷ്ടമുടി ടൂറിസം വികസന പദ്ധതിയും നടപ്പിലാക്കുന്നതാണ്. ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിക്കുന്നതാണ്. വിവിധ ഗസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിനും കെ.ടി.ഡി.സി.-ക്കായി മാനവ വിഭവശേഷി വികസന പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന്

അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് വികലമായ പരിഷ്കാരങ്ങളാണ് കേന്ദ്ര സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഹെൽമെറ്റ് ധരിക്കാതെ വാഹനം ഓടിച്ചതിന് ഈ വർഷം മാർച്ച് 31 വരെ 7,178 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉൾനാടൻ പ്രദേശങ്ങളിൽ നിലവിലുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ റദ്ദാക്കരുതെന്നും ഷെഡ്യൂളുകളിലെ മാറ്റം സ്ഥലം എം.എൽ.എ.-യെ അറിയിക്കണമെന്നും ഉത്തരവിട്ടിട്ടുണ്ട്. വിവാഹാവശ്യങ്ങൾക്ക് കെ.എസ്.ആർ.ടി.സി. ബസുകൾ വാടകയ്ക്ക് നൽകുന്ന തീരുമാനം നടപ്പാക്കിക്കഴിഞ്ഞു. പുതിയ വോൾവോ ബസുകൾ വാങ്ങി സർവ്വീസ് നടത്തിക്കൊണ്ട് സ്വകാര്യ വാഹന ഉപയോഗം കുറയ്ക്കാൻ നടപടി സ്വീകരിക്കും. കെ.എസ്.ആർ.ടി.സി.യുടെ എഞ്ചിനീയറിംഗ് വിഭാഗം ശക്തിപ്പെടുത്തുകയും യോഗ്യതയുള്ളവരെയും എക്സ്പീരിയൻസുള്ളവരെയും ഉന്നത തസ്തികകളിൽ നിയമിക്കുകയും ചെയ്യും. നിലവിലുള്ള ജീവനക്കാരെ പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നില്ല. വാഹന പരിശോധനാ വേളയിൽ സ്ത്രീകളോടും മുതിർന്നവരോടും എങ്ങനെ പെരുമാറണമെന്നുള്ളത് സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുന്നതാണ്. റോഡുകൾ മെച്ചപ്പെടുന്നതിനനുസരിച്ച് ട്രാഫിക് പോലീസ്

സംവിധാനം കുറ്റമറ്റതാക്കാൻ ട്രാഫിക് പോലീസ് ഫോഴ്സിനെ സെപ്പറേറ്റ് ചെയ്യുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയും 38-നെതിരെ 78 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.35-ന് പിരിഞ്ഞു.

****